ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ജപ്പാൻറെ സാങ്കേതിക വൈദഗ്ധ്യവും, ഇന്ത്യയുടെ നൈപുണ്യ ശേഷിയും, ഇരു രാജ്യങ്ങളെയും മികച്ച പങ്കാളികളാക്കി മാറ്റുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ടോക്യോയിൽ ഇന്ത്യ-ജപ്പാൻ സാമ്പത്തിക ഫോറത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

   Prime Minister Narendra Modi said that the combination of Japanese technology and Indian talent can lead the tech revolution of this century. PM addressed the India-Japan Economic Forum in Tokyo today.

2) ഇന്ന് ദേശീയ കായിക ദിനം. ഇന്ത്യയെ കായിക രാഷ്ട്രമാക്കി മാറ്റുക എന്നതാണ് കേന്ദ്രസർക്കാരിൻറെ ലക്ഷ്യമെന്ന് കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ. കായികരംഗത്ത് ഒന്നാം സ്ഥാനത്തേക്ക് എത്താൻ രാജ്യത്തിന് സാധിക്കണമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ.

   Today is the National Sports Day.. Union Youth Affairs and Sports Minister Mansukh Mandaviya has said that the Union Government aims at making India a sporting nation. India must be able to reach the prime position in global sports, says MoS George Kurien.

3) സുപ്രിംകോടതി ജഡ്ജിമാരായി ജസ്റ്റിസ് അലോക് ആരാധെയും, ജസ്റ്റിസ് വിപുൽ പഞ്ചോലിയും ചുമതലയേറ്റു.

Chief Justice of India (CJI) B.R. Gavai today administered the oath of office to two newly appointed judges of the Supreme Court.

4) കാനഡയിലെ പുതിയ ഹൈക്കമ്മീഷണറായി ദിനേശ് കെ. പട്നായിക്കിനെ നിയമിച്ച് ഇന്ത്യ.

Former Reserve Bank of India (RBI) Governor Urjit Patel has been appointed as executive director at the International Monetary Fund, according to a Ministry of Personnel order.

5) ഉത്തരാഖണ്ഡിൽ വീണ്ടും മേഘവിസ്ഫോടനം. ചമോലി ജില്ലയിൽ രണ്ട് പേരെ കാണാതായി. പ്രളയക്കെടുതിയിൽ പഞ്ചാബ്.

Two people went missing after a cloudburst struck Mopata village under Dewal Tehsil of Chamoli district, Uttarakhand, on Friday. In Punjab, as hundreds of villages have been impacted due to floods.

6) പന്ത്രണ്ടാമത് ഏഷ്യാ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പിന് ബിഹാറിൽ തുടക്കം

The 12th Men's Asia Hockey Cup 2025 begins today at Rajgir in Bihar today.

****************

## PM JAPAN – EARLY (INTRO)

ഇന്ത്യയുടെ വികസന യാത്രയിലെ സുപ്രധാന പങ്കാളിയാണ് ജപ്പാൻ എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ടോക്യോയിൽ ഇന്ത്യ-ജപ്പാൻ സാമ്പത്തിക ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വൻതോതിൽ മൂലധന വർദ്ധന

ഉറപ്പു നൽകുന്ന രാജ്യമാണ് ഇന്ത്യയെന്നും, ജാപ്പനീസ് കമ്പനികൾ ഇന്ത്യയിൽ 40 ബില്യൺ ഡോളറിൻറെ നിക്ഷേപം നടത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയായി ഇന്ത്യ വൈകാതെ മാറും. ജപ്പാൻറെ സാങ്കേതിക വൈദഗ്ധ്യവും ഇന്ത്യയുടെ നൈപുണ്യ ശേഷിയും, ഇരു രാജ്യങ്ങളെയും മികച്ച പങ്കാളികളാക്കി മാറ്റുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ജപ്പാനിലെത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മളമായ വരവേൽപാണ് ലഭിച്ചത്. 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ, ജാപ്പനീസ് പ്രധാനമന്ത്രിയ്ക്കൊപ്പം, ശ്രീ മോദി ഇന്ന് പങ്കെടുക്കും. പ്രതിരോധം, സുരക്ഷ, സമ്പദ് വ്യവസ്ഥ, സാങ്കേതികവിദ്യ തുടങ്ങി വിവിധ മേഖലകളിലെ സഹകരണ സാധ്യതകൾ ഇരു നേതാക്കളും ചർച്ച ചെയ്യും. ഓഗസ്റ്റ് 31, സെപ്റ്റംബർ 1 തീയതികളിൽ ശ്രീ മോദി ചൈന സന്ദർശിക്കും. ടിയാൻജിനിൽ നടക്കുന്ന, ഷാങ്ഹായ് സഹകരണ സംഘടനയുടെ 25-മത് നേതൃതല ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും.

****************

## MANDAVIYA-SPORTS DAY (INTRO)

ദേശീയ കായിക ദിനത്തോടനുബന്ധിച്ച് രാജ്യത്ത് ഇന്നുമുതൽ മൂന്ന് ദിവസത്തെ ഖേൽ മഹോത്സവം ആരംഭിച്ചതായി കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ. ഇന്ത്യയെ ഒരു കായിക രാഷ്ട്രമാക്കി മാറ്റുക എന്ന ലക്ഷ്യവുമായി നിരവധി പദ്ധതികളാണ് സർക്കാർ നടപ്പാക്കി വരുന്നതെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

ഇന്ത്യയ്ക്ക് ആദ്യത്തെ മോണ്ടോ ട്രാക്ക് ലഭിച്ചതിൻറെ സന്തോഷവും അദ്ദേഹം ദേശീയ കായിക ദിനത്തിൽ പങ്കുവച്ചു. ലോകത്ത് 24 രാജ്യങ്ങളിൽ മാത്രമേ ഈ ട്രാക്ക് മുൻപ് ഉണ്ടായിരുന്നുള്ളൂ എന്നും പുതിയ ട്രാക്ക് രാജ്യത്തെ അത്‌ലറ്റുകൾക്ക് ലോകോത്തര

സൗകര്യങ്ങൾ നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി . 2030 ലെ കോമൺവെൽത്ത് ഗെയിംസ് രാജ്യത്ത്
നടത്തുന്നതിനുള്ള താൽപര്യപത്രം ഇന്ത്യ സമർപ്പിച്ചതായും
അദ്ദേഹം പറഞ്ഞു.
ഹോക്കി ഇതിഹാസം മേജർ ധ്യാൻചന്ദിന്റെ ജന്മദിനമാണ് രാജ്യം കായികദിനമായി ആഘോഷിക്കുന്നത്. ഫിറ്റ് ഇന്ത്യ മിഷൻ ഇന്നു മുതൽ മൂന്ന് ദിവസം രാജ്യവ്യാപകമായി പ്രത്യേക പരിപാടി സംഘടിപ്പിക്കും. "ഒരു മണിക്കൂർ, കളിക്കളത്തിൽ " എന്നതാണ് ഈ വർഷത്തെ പ്രമേയം.

****************

## George Kurian

മാനവികതയിലേക്കുള്ള ഏറ്റവും മികച്ച ചുവടുവപ്പാണ് കായികമേഖലയെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. ദേശീയ കായിക ദിനാചരണം ആലപ്പുഴ ജലകായികപരിശീലന കേന്ദ്രത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു
അദ്ദേഹം. സാമ്പത്തിക
മേഖലയിൽ മുന്നേറുന്നതിനൊപ്പം കായികരംഗത്തും ഒന്നാം സ്ഥാനത്തേക്ക് എത്താൻ നമുക്ക് സാധിക്കണമെന്ന് മന്ത്രി പറഞ്ഞു.

****************

## SC JUDGES OATH

സുപ്രിംകോടതി ജഡ്ജിമാരായി ജസ്റ്റിസ് അലോക് ആരാധെയും, ജസ്റ്റിസ് വിപുൽ പഞ്ചോലിയും ചുമതലയേറ്റു. ചീഫ് ജസ്റ്റിസ് ബി.ആർ ഗവായ് സത്യവാചകം ചൊല്ലിക്കൊടുത്തു. ഇതോടെ സുപ്രീംകോടതിയിലെ ജഡ്ജിമാരുടെ എണ്ണം 34 ആയി.

****************

## INDIA CANADA AMBASSADORS

കാനഡയിലെ പുതിയ ഹൈക്കമ്മീഷണറായി ദിനേശ് കെ. പട്നായിക്കിനെ നിയമിച്ചതായി ഇന്ത്യ. നിലവിൽ സ്പെയിൻ അംബാസഡറായി പ്രവർത്തിക്കുന്ന അദ്ദേഹം 1990 ബാച്ചിലെ ഐ.എഫ്.എസ് ഉദ്യോഗസ്ഥനാണ്. വിദഗ്ധ നയതന്ത്രജ്ഞൻ ക്രിസ്റ്റഫർ കൂറ്ററെ ഇന്ത്യയിലെ ഹൈക്കമ്മീഷണറായി

നിയമിക്കാനാണ് കാനഡയുടെ തീരുമാനം. മുൻ കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുമായുള്ള അഭിപ്രായ വ്യത്യാസങ്ങളെ തുടർന്നാണ് ഇന്ത്യ കാനഡയിൽ നിന്നും ഹൈക്കമ്മീഷണറെ പിൻവലിച്ചത്.

****************

## Uttarakhand– cloudburst

ഉത്തരാഖണ്ഡിൽ വീണ്ടും മേഘവിസ്ഫോടനം. ചമോലി ജില്ലയിലെ മോപതാ ഗ്രാമത്തിൽ രണ്ട് പേരെ കാണാതായി.
വ്യാപക നാശനഷ്ടങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
മേഘവിസ്ഫോടനത്തെ തുടർന്ന്
ഒഴുകിയെത്തിയ അവശിഷ്ടങ്ങൾക്കിടയിൽ നിരവധി പേർ കുടുങ്ങിക്കിടക്കുന്നതായാണ്
വിവരം. രക്ഷാപ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചതായി മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി പറഞ്ഞു.

****************

## PUNJAB

പഞ്ചാബിലെ ഗുരുദാസ്പൂർ അടക്കം വിവിധ ജില്ലകൾ രൂക്ഷമായ പ്രളയക്കെടുതിയിൽ. 800-ലേറെ ഗ്രാമങ്ങളിൽ വെള്ളപ്പൊക്കം നാശം വിതച്ചു. പ്രളയബാധിത മേഖലകളിൽ കുടുങ്ങിയ 6000-ലധികം പേരെ സൈന്യത്തിൻറെ നേതൃത്വത്തിൽ പുറത്തെത്തിച്ചു.
ഹിമാചലിലെ ഷിംലയടക്കമുള്ള മേഖലകളിലും ശക്തമായ മഴ തുടരുകയാണ്.

****************

## BIHAR VOTERS LIST - ECI

ബീഹാർ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി, മൂന്ന് ലക്ഷത്തോളം പേർക്ക് തിരഞ്ഞെടുപ്പ് കമ്മിഷൻറെ നോട്ടീസ്. ഈ വ്യക്തികൾ മതിയായ പൗരത്വ രേഖകൾ സമർപ്പിച്ചില്ല എന്ന് ചൂണ്ടിക്കാട്ടിയാണ് നോട്ടീസ് നൽകിയത്. ഇവരിൽ ഏറെപ്പേരും ബംഗ്ലാദേശ്, നേപ്പാൾ
പൗരന്മാരാണെന്നാണ് അന്വേഷണങ്ങളിൽ കണ്ടെത്തിയത് .

****************

## Thamarassery (Intro)

കനത്ത മഴയെ തുടർന്ന് മണ്ണിടിച്ചിലുണ്ടായ താമരശ്ശേരി ചുരം റോഡിൽ ഇന്ന് രാവിലെ മുതൽ ഭാരം കുറഞ്ഞ ചെറിയ വാഹനങ്ങൾ കടത്തിവിടാൻ തുടങ്ങി.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.....

(വോയിസ്)

****************

## Amebic meningoencephalitis

അമീബിക്ക് മസ്തിഷ ജ്വരം പ്രതിരോധിക്കാൻ കൂടുതൽ നടപടികളുമായി സംസ്ഥാന ആരോഗ്യ വകുപ്പ്. രണ്ട് ദിവസത്തെ ക്ലോറിനേഷൻ നടപടികൾ നാളെ ആരംഭിക്കും. ആരോഗ്യ- തദ്ദേശ വകുപ്പുകളും, ഹരിതകേരളം മിഷനും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. വീടുകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, ഫ്ളാറ്റുകൾ തുടങ്ങി എല്ലായിടത്തേയും ജലസംഭരണ ടാങ്കുകൾ വൃത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

****************

## PREZ-SCOPE AWARDS

പൊതുമേഖലാ സംരംഭങ്ങൾക്കുള്ള 2022-23 ലെ സ്കോപ്പ് എമിനൻസ് അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു സമ്മാനിച്ചു. സ്വാതന്ത്ര്യലബ്ധിക്കുശേഷം രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും സാമൂഹിക ഉൾപ്പെടുത്തലിനുമുള്ള ശക്തമായ ഇടപെടലുകളാണ് പൊതുമേഖലാ സംരംഭങ്ങൾ നടത്തി വരുന്നതെന്ന് ന്യൂഡൽഹിയിൽ ഇന്ന് നടന്ന പുരസ്ക്കാര വിതരണ ചടങ്ങിൽ രാഷ്ട്രപതി പറഞ്ഞു.

****************

## URJIT PATEL IMF

അന്താരാഷ്ട്ര നാണയ നിധിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായി ഉർജിത് പട്ടേലിനെ നിയമിച്ചു. മൂന്ന് വർഷത്തേക്കാണ് നിയമനം. ആർബിഐയുടെ 24-ാമത് ഗവർണറായി അദ്ദേഹം മുൻപ് സേവനമനുഷ്ഠിച്ചിട്ടുണ്ട്.

****************

## DAY ODISHA-PARLIAMENTARY COMMITTEE

പട്ടികജാതി-പട്ടികവർഗ പാർലമെന്ററി സമിതിയുടെ ഭുവനേശ്വറിൽ നടക്കുന്ന ദ്വിദിന ദേശീയ സമ്മേളനം ലോക്സഭാ സ്പീക്കർ ഓം ബിർള ഉദ്ഘാടനം ചെയ്തു. രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവംശ് , കേന്ദ്ര മന്ത്രിമാരായ ജുവൽ ഒറാം, ധർമ്മേന്ദ്ര പ്രധാൻ, ഒഡീഷ മുഖ്യമന്ത്രി മോഹൻ ചരൺ മാജി, സമിതി ചെയർമാൻ ഫഗ്ഗൻ സിംഗ് കുലസ്തെ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

****************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി

ബാത്തിലേക്ക് ജനങ്ങൾക്ക് ആശയങ്ങളും, അഭിപ്രായങ്ങളും ഇന്നു കൂടി പങ്കുവയ്ക്കാം. 1800-11-7800 എന്ന ടോൾഫ്രീ നമ്പർ, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവ ഇതിനായി സജ്ജമാക്കിയിട്ടുണ്ട്. മൻ കി ബാത്തിൻറെ 125 -ാം പതിപ്പ് മറ്റന്നാൾ രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും.

****************

## HOCKEY - ASIA CUP

പന്ത്രണ്ടാമത് ഏഷ്യാ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പിന് ബിഹാറിൽ തുടക്കമായി. ചൈനയ്ക്കെതിരെ ഇന്ത്യയുടെ ആദ്യ മത്സരം ഉച്ചതിരിഞ്ഞ് 3 മണിക്ക് നടക്കും. ഇന്ത്യയ്ക്ക് പുറമെ ജപ്പാൻ, ചൈന, കസാക്കിസ്ഥാൻ, മലേഷ്യ, കൊറിയ, ബംഗ്ലാദേശ്, ചൈനീസ് തായ്പേയ് എന്നീ മുൻനിര ഏഷ്യൻ രാജ്യങ്ങളാണ്

ടൂർണമെൻറിൽ പങ്കെടുക്കുന്നത്.ഏഷ്യാ കപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ടീമുകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസകൾ നേർന്നു.

****************

## Ukraine

യുക്രെൻ തലസ്ഥാനമായി ക്യീവിൽ റഷ്യ ഇന്നലെ രാത്രി നടത്തിയ വ്യോമാക്രമണങ്ങളിൽ മരണസംഖ്യ 23 പിന്നിട്ടു. 50-നടുത്ത് ആളുകൾക്ക് പരിക്കേറ്റതായാണ് റിപ്പോർട്ടുകൾ. നിരവധി കെട്ടിടങ്ങളും തകർന്നു. 600-ലേറെ ഡ്രോണുകളും, 30-ലേറെ മിസൈലുകളും റഷ്യ പ്രയോഗിച്ചതായി യുക്രെൻ വ്യക്തമാക്കി. സാധാരണക്കാരെ ലക്ഷ്യമിട്ട് കരുതിക്കൂട്ടിയുള്ള ആക്രമണമാണിതെന്ന് യുക്രെൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കി പറഞ്ഞു.

****************

**********

***